(ബി) റവന്യൂബോർഡ് നിർത്തലാക്കിയതിനെത്തുടർന്ന് റവന്യൂവകുപ്പിലെ ഏതെങ്കിലും തസ്തിക നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകൾ;

(സി) റവന്യൂബോർഡ് നിർത്തലാക്കിയതിനു ശേഷമുള്ള റവന്യൂ വകുപ്പിന്റെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഒരു തസ്തികയും നിർത്തലാക്കിയിട്ടില്ല.

(സി) ഉണ്ട്. റവന്യൂബോർഡ് നിർത്തലാക്കിയതിനെ തുടർന്ന് 14.10.98 ലെ ജി.ഒ.(എം.എസ്) നം. 510/98 പ്രകാരം റവന്യൂബോർഡിൽ പുനഃസംഘടന നടത്തുകയുണ്ടായി. സീനിയോറിറ്റി സംബന്ധിച്ച കേസുകൾ കോടതിയിൽ തീർപ്പാക്കാത്തതുമൂലം വിവിധ തസ്തികകളിൽ നിയമനം നടത്തുന്നതിന് കഴിയാതെ വന്നിട്ടുണ്ട്. ആയതിനാൽ പുനഃസംഘടനയുടെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടില്ല. ടി കേസുകൾ തീർപ്പാകുന്ന മുറയ്ക്ക്, പ്രമോഷൻ നടത്തി നിലവിലുള്ള ഒഴിവുകൾ നികത്തിയാൽ ഉദ്ദേശിക്കുന്ന പുരോഗതി കൈവരിക്കാനാകും.

55 (557) പട്ടയം നൽകൽ നയം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പട്ടയം നൽകൽ നയമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) 1980-ലെ കേന്ദ്ര വന നിയമം വരുന്നതിന് മുൻപ് കുടിയേറിപ്പാർത്ത കർഷകർക്ക് പട്ടയം നൽകാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)പതിവിന് അനുയോജ്യമായ പുറമ്പോക്ക് ഭൂമി പതിച്ചു നൽകാവുന്ന ഭൂമിയുടെ ലിസ്റ്റിൽപ്പെടുത്തി ബന്ധപ്പെട്ട ഭൂമി പതിവ് കമ്മിറ്റികളുടെ ശുപാർശ പ്രകാരം അർഹരായവർക്ക്, നടപടിക്രമം പൂർത്തിയാക്കി എത്രയുംവേഗം പതിച്ചു നൽകുവാനും, പുറമ്പോക്ക് ഭൂമി കൈവശമുള്ള അർഹരായ എല്ലാ കൈവശക്കാർക്കും നടപടിക്രമം പൂർത്തിയാക്കി കൈവശ ഭൂമി എത്രയുംവേഗം പതിച്ചു നൽകേണമെന്നതുമാണ് സർക്കാരിന്റെ നയം. കൂടാതെ 1.1.1977-ന് മുൻപ് വനഭൂമി കൈയേറിയ മലയോര കർഷകർക്ക് പ്രത്യേകം തയ്യാറാക്കിയ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ, കൈവശം ഭൂമി ക്രമവൽക്കരിച്ചു പട്ടയം നൽകുന്നതിനും ജി.ഒ(പി) 131/93ആർ.ഡി. തീയതി 19.3.93 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്.

56 (558) പട്ടയം നൽകാൻ നടപടി

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly